ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മഴവെള്ളക്കൊയ്ത്ത് പദ്ധതി 'വർഷ', 90 % കേന്ദ്രസഹായത്തോടെയും 10% ഉപഭോക്തൃ വിഹിതത്തോടെയും സംസ്ഥാന ത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് തീരദേശ മേഖലകളിൽ നടപ്പിലാക്കിവരുന്നു. ജലനിധിയും മഴവെള്ളക്കൊയ്ത്ത് പദ്ധതി നടപ്പിലാക്കുന്നുണ്ട്. വ്യക്തിഗതമായ സാമ്പത്തിക സഹായമൊന്നും നൽകുന്നില്ല. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മഴവെള്ളക്കൊയ്ത്ത് പദ്ധതികൾ നടപ്പാക്കുവാൻ വിവിധ ബാങ്കുകളും സാമ്പത്തിക സ്ഥാപനങ്ങളും കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി 'വർഷ' പദ്ധതി പ്രകാരം 1058 യൂണിറ്റുകൾക്ക് രണ്ട് ഘട്ടങ്ങളിലായി അനുമതി നൽകി. ഒരു യൂണിറ്റിന് 62,000 രൂപ ചെലവു നിരക്കിൽ 1058 യൂണിറ്റിന് 655.96 ലക്ഷം രൂപ ചെലവു കണക്കാക്കിയിരിക്കുന്നു. ഇതിന്റെ 90% കേന്ദ്രവിഹി തവും 10% ഉപഭോക്തൃ വിഹിതവുമാണ്. കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസുകൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ജലനിധി നടപ്പിലാക്കുന്ന മഴ വെള്ളക്കൊയ്ത്ത് പദ്ധതിക്ക് 3.35 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകൾക്കും 15 ലക്ഷം രൂപ വീതം കൈമാറുന്നതാണ്. ജില്ലാ കളക്ടറും, കളക്ടർ നാമനിർദ്ദേശം ചെയ്ത ജില്ലാ നിർവ്വഹണ ഓഫീസറും ചേർന്ന സംയുക്ത അക്കൗ ണ്ടിലേക്കാണ് തുക ലഭ്യമാക്കുന്നത്. ഒരു ലക്ഷം രൂപ ബോധവൽക്കരണ പ്രവർത്തന ങ്ങൾക്കും 8.25 ലക്ഷം രൂപ പരിശീലന നിർമ്മാണ പരിപാടികൾക്കും 5 ലക്ഷം രൂപ മാതൃക മഴവെള്ള സംഭരണികൾ നിർമ്മിക്കുവാനും 0.75 ലക്ഷം ഭരണപരമായ കാര്യങ്ങൾക്കു മാണ് പ്രയോജനപ്പെടുത്തുന്നത്.

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണം

56 [1774] ശ്രീ. മാത്യു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ട് പ്രദേശത്ത് എത്ര തവണ ഭൂമികുലുക്കം ഉണ്ടായ തായി രേഖപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഭൂമികുലുക്കത്തെ അതിജീവിക്കുവാൻ പ്രസ്തുത അണക്കെട്ടിന് കഴിയുമോ ;

(സി) അണക്കെട്ട് തകർന്നാൽ ഏതൊക്കെ പ്രദേശങ്ങളിൽ എന്തൊക്കെ നാശനഷ്ട ങ്ങളാണുണ്ടാവുക എന്ന് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) എത്ര കോടി രൂപയുടെ സാമ്പത്തിക നഷ്ടമാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) ബലക്ഷയം കാരണം പ്രസ്തുത അണക്കെട്ടിന് പകരം തൊട്ടുമുകളിലോ താഴെയോ പുതിയൊരു അണക്കെട്ട് നിർമ്മിക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(എഫ്) പുതിയ അണക്കെട്ട് നിർമ്മിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കു വാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുല്ലപ്പെരിയാർ അണക്കെട്ട് പ്രദേശത്തിന്റെ 200 കി.മീറ്റർ ചുറ്റളവിൽ കഴിഞ്ഞ 104 വർഷത്തിനിടയിൽ 5 തവണ ഭൂമികുലുക്കം ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) ഭൂമികുലുക്കത്തിന്റെ ഗൗരവമനുസരിച്ച് അണക്കെട്ടിന് നാശനഷ്ടങ്ങളുണ്ടാവാൻ സാധ്യതയുണ്ട്.

(സി) അണക്കെട്ട് തകർന്നാൽ കോട്ടയം, ഇടുക്കി, എറണാകുളം എന്നീ മൂന്ന് ജില്ലകൾ ജലപ്രളയത്തിൽ നശിക്കാൻ ഇടയുണ്ട്. ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തിയിട്ടില്ല.

(ഡി) നഷ്ടം സംബന്ധിച്ച് കൃത്യമായ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ഇ) & (എഫ്) 1979-ൽ കേന്ദ്ര ജല കമ്മീഷൻ തമിഴ്നാടും കേരളവുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പുതിയ അണക്കെട്ട് നിർമ്മിക്കുവാൻ സ്ഥലം കണ്ടെത്താൻ നിർദ്ദേശിച്ചിരിന്നു. എന്നാൽ കണ്ടെത്തിയ സ്ഥലം പെരിയാർ ടൈഗർ റിസർവ്വിന്റെ കേന്ദ്ര ഭാഗത്തായതിനാലും വനം വകുപ്പിൽ നിന്നുള്ള അനുമതി കിട്ടാൻ സാധ്യത കുറവായതിനാലും പ്രസ്തുത നടപടി വേണ്ടെന്ന് വയ്ക്കുകയാണുണ്ടായത്.

പുതിയ കുടിവെള്ള പദ്ധതി

57 [T1775] ശ്രീ. സി. കെ. നാണു :

„ എ. സി. ഷൺമുഖദാസ് :

„ കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-ലെ പ്ലാനിംഗ് കമ്മീഷന്റെ നാഷണൽ ഹ്യൂമൻ ഡെവലപ്പ്മെന്റ് റിപ്പോർട്ടിൽ 2000-ൽ ഇൻഡ്യയിലെ പ്രധാന സ്റ്റേറ്റുകളിൽ കുടിവെള്ളം ലഭിക്കുന്നതിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്ന പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly